## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*89.** **06.06.2018 ൽ മറുപടിയ്ക്ക്**

### വിമുക്തി മിഷൻ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി.അബ്ദുറഹിമാൻ<br>ശ്രീ.എ.എം.ആരിഫ്<br>ശ്രീ.കെ.സുരേഷ് കുറുപ്പ്<br>ശ്രീ.കെ.ദാസൻ | | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ലഹരി വർജന മിഷൻ 'വിമുക്തി'യുടെ പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിനും ഇത് കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനും എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത്, പൊതുവെ യുവജനങ്ങൾക്കിടയിലും വിദ്യാർത്ഥികൾക്കിടയിലും മദ്യം മയക്കുമരുന്ന് എന്നിവയുടെ ഉപഭോഗം തടയുന്നതിനുള്ള ബോധവത്കരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സംസ്ഥാന ലഹരിവർജ്ജന മിഷൻ 'വിമുക്തി' വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. അവ കൂടുതൽ ഫലപ്രദമാക്കുന്നതിന് സംസ്ഥാന/ജില്ലാ/ബ്ലോക്ക്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ/ പഞ്ചായത്ത്/ വാർഡ് തല കമ്മിറ്റികൾ രൂപീകരിച്ച്, കുടുംബശ്രീ, സ്കൂൾ/കോളേജ് തല ലഹരിവിരുദ്ധ ക്ലബ്ബുകൾ, എൻ.എസ്.എസ്., എസ്.പി.സി, എൻ.സി.സി, യുവജന ബഹുജന സംഘടനകൾ, സംസ്ഥാന ലൈബ്രറി കൗൺസിൽ, എൻ.ജി.ഒ.കൾ എന്നിവരുടെ സഹകരണത്തോടെ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>സംസ്ഥാന തലത്തിൽ ബഹു.മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള ഗവേണിംഗ് ബോഡിയും ബഹു.എക്സൈസ് വകുപ്പ് മന്ത്രി അദ്ധ്യക്ഷനായുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയും വിമുക്തി മിഷന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു.<br><br>കൂടാതെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലഹരിവിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കി ഗാന്ധിജയന്തി, അന്താരാഷ്ട്ര മയക്കുമരുന്ന് വിരുദ്ധ ദിനം എന്നീ ദിനങ്ങളിൽ പ്രത്യേക |

| | | | |
|---|---|---|---|
| | | | ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിയും യുവജനങ്ങളിൽ കായിക അഭിരുചി വളർത്തിയെടുക്കുന്നതിന് കായികലഹരി എന്ന പേരിൽ കായിക മത്സരങ്ങൾ സംഘടിപ്പിച്ചും വരുന്നുണ്ട്.<br><br>വിമുക്തി മിഷന്റെ ബോധവത്കരണ സ്റ്റിക്കറുകൾ എൻ.എസ്.എസ് വോളന്റിയർമാരുടെ സഹകരണത്തോടെ കെ.എസ്.ആർ.റ്റി.സി ബസ്സുകളിലും കുടുംബശ്രീ യൂണിറ്റുകളുടെ സഹകരണത്തോടെ വീടുകളിലും പതിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>മന്ത്രിസഭയുടെ രണ്ടാംവാർഷികത്തോടനുബന്ധിച്ച് സംസ്ഥാനത്തെ ആദിവാസി ഊരുകളിലും ലഹരിയ്ക്കെതിരെ ബോധവൽക്കരണം നടത്തുന്നതിന് എല്ലാ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഉത്സവസ്ഥലങ്ങളിൽ സ്റ്റാളുകൾ സ്ഥാപിച്ച് ലഹരി വിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങൾ കൂടുതൽ ജനങ്ങളിൽ എത്തിക്കുന്നതിനുള്ള നടപടികളും എടുത്തുവരുന്നുണ്ട്. |
| (ബി) | 'വിമുക്തി'യുടെ സന്ദേശം ജനങ്ങളിലെത്തിക്കുന്നതിനായി കുടുംബശ്രീ പ്രവർത്തകരുടെ സഹായത്തോടെ വീടുകളിൽ സ്റ്റിക്കർ പതിക്കുന്നതിനുള്ള നടപടി പൂർത്തിയായിട്ടുണ്ടോ; | (ബി) | വിമുക്തിയുടെ ഭാഗമായി സംസ്ഥാനത്തെ എല്ലാ വീടുകളിലും കുടുംബശ്രീ വഴി പതിക്കുന്നതിന് 40 ലക്ഷം വിമുക്തി സ്റ്റിക്കർ തയ്യാറാക്കി കേരളത്തിലെ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും എത്തിച്ചു നൽകിയിട്ടുണ്ട്. സ്റ്റിക്കറുകൾ വീടുകളിൽ പതിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (സി) | പ്രസ്തുത മിഷന്റെ ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി ഉത്സവങ്ങളോടും ആഘോഷങ്ങളോടും അനുബന്ധിച്ച് ബോധവൽക്കരണ സ്റ്റാളുകൾ സജ്ജീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | വിമുക്തിമിഷൻ ഉത്സവങ്ങളുടെയും ആഘോഷങ്ങളുടെയും ഭാഗമായി സംസ്ഥാനമൊട്ടാകെ വിമുക്തി ബോധവൽക്കരണ സ്റ്റാളുകൾ സജ്ജീകരിച്ചിട്ടുണ്ട്. സംസ്ഥാന സ്കൂൾ കലോത്സവത്തോടനുബന്ധിച്ചും, മന്ത്രിസഭയുടെ രണ്ടാം വാർഷികം പ്രമാണിച്ച് എല്ലാ ജില്ലകളിലും, ആറ്റുകാൽ പൊങ്കാല, ബീമാപള്ളി ഉറൂസ് തുടങ്ങിയ ആഘോഷത്തോടനുബന്ധിച്ചും വളരെ വിപുലമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ വിമുക്തി പവലിയനിലൂടെ തയ്യാറാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ